## അടിയന്തര പ്രമേയം

<u>മി. സ്പീക്കർ</u>: തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം വെട്ടുതുറയിൽ സാമൂഹ്യപ്രവർത്തകൻ ആൾഡൻ ആന്റണിയുടെ കൊലപാതകം നടത്തിയ അക്രമിസംഘത്തിലുള്ളവരെ പോലീസ് അറസ്റ്റുചെയ്യാത്തതിനെത്തുടർന്ന് ഉളവായിട്ടുള്ള സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ. മാത്യു റ്റി. തോമസ്, വി. ശിവൻകുട്ടി, വി. എസ്. സുനിൽ കുമാർ, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): സർ, ഈ അടിയന്തരപ്രമേയത്തിന് ആധാരമായ കാര്യത്തെ സംബന്ധിച്ച് കഴിഞ്ഞ 18-ാം തീയതി ശ്രീ. വി. ശശി ഇവിടെ ഒരു സബ്മിഷൻ എഴുതിക്കൊടുത്തിരുന്നു. വെട്ടുതുറയിലെ ആൻഡേഴ്സൺ ആന്റണി വെട്ടേറ്റ് മരണപ്പെട്ട ദാരുണമായ സംഭവത്തിന് കാരണം പോലീസിന്റെ അനാസ്ഥയാണ്, നിരപരാധികളായ കുടുംബത്തിന് നഷ്ടപരിഹാരം നൽകണമെന്നുള്ളതാണ് ശ്രീ. വി. ശശി കൊടുത്ത, പിൻവലിച്ച സബ്മിഷനകത്ത് പറഞ്ഞിട്ടുള്ളത്. അദ്ദേഹം 18-ാം തീയതി എഴുതിക്കൊടുത്തതാണ്. പിന്നീട് അദ്ദേഹം അത് പിൻവലിച്ചു. ആ പിൻവലിച്ച സബ്മിഷനകത്തുണ്ടായിരുന്ന കാര്യം പ്രതി വെട്ടേറ്റ് മരിച്ചുവെന്നുള്ളതാണ്. എന്നാൽ, ശ്രീ. മാത്യു റ്റി. തോമസ് കൊടുത്ത അടിയന്തിര പ്രമേയത്തിൽ

പറഞ്ഞിട്ടുള്ളത്, സാമൂഹ്യപ്രവർത്തകനായിരുന്ന ആൻഡേഴ്സൺ ആന്റണിയെ ഗുണ്ടാസംഘം തല്ലി കൊലപ്പെടുത്തിയിരിക്കുന്നു, പോലീസ് സംഘത്തിന്റെ കൺമുന്നിലാണ് ഇത് നടന്നത്, സംഘർഷത്തിനിടയിൽ വെട്ടുതുറ സെന്റ് സെബാസ്റ്റ്യൻ പള്ളിയിലെ ഇടവകവികാരി ഫാദർ പോൾബാബു ഉൾപ്പെടെ പല ആളുകൾക്കും പരിക്കേറ്റിട്ടുണ്ട് എന്നാണ്. ആ പ്രദേശത്തെക്കുറിച്ച് നന്നായറിയാവുന്ന, അവിടത്തെ സാമൂഹ്യപ്രവർത്തകനും ജനപ്രതിനിധിയുമായ ശ്രീ. വി. ശശി, ബഹുമാനപ്പെട്ട വൈദികനെ മർദ്ദിച്ചുവെന്ന് എഴുതിയിട്ടേയില്ല. ശ്രീ. മാത്യു റ്റി. തോമസിന്റെ കയ്യിലെത്തിയപ്പോൾ അദ്ദേഹം ഒന്നുകൂടി അത് മെരുക്കി, വിപുലപ്പെടുത്തി അടിയന്തര പ്രമേയത്തിന് പറ്റുന്ന ഒരു സാധനമാക്കി മോൾഡ് ചെയ്തെടുത്തു. അങ്ങനെയൊരു രൂപം ഈ കേസ്സുമായി ബന്ധപ്പെടുത്തി വരുത്തണമായിരുന്നോ എന്നത് അങ്ങുതന്നെ ആലോചിച്ചാൽ മതി. ഇതിനെക്കുറിച്ച് അദ്ദേഹംതന്നെ വിശദീകരണക്കുറിപ്പ് തന്നതാണ്. ഞാൻ എഴുതിപ്പിച്ചതൊന്നുമല്ല. ശ്രീ. വി. ശശിക്ക് ആ പ്രദേശം നന്നായിട്ടറിയാവുന്നതല്ലേ? ആ കുടുംബത്തിന് നഷ്ടപരിഹാരം നൽകണമെന്നാണ് ശ്രീ. വി. ശശി തന്നിട്ടുള്ള സബ്മിഷനിൽ പറയുന്നത്. വെട്ടേറ്റ് മരിച്ചുവെന്നാണ് മരണകാരണം പറഞ്ഞിട്ടുള്ളത്. മരണകാരണം ഞാൻ പറഞ്ഞിട്ട് എഴുതിയതാണോ? പക്ഷേ ശ്രീ. മാത്യു റ്റി. തോമസിന്റെ കയ്യിൽ വന്നപ്പോൾ ഈ കാര്യം വിപുലപ്പെടുത്തി. അദ്ദേഹം പറയുന്നു .............(ബഹളം).......... ഞാൻ പറയട്ടെ, ഞാൻ ഇത് പറഞ്ഞോട്ടെ. ഞാൻ ശാന്തമായി പറയുകയല്ലേ. എന്നെ എന്തിനാണ് അറ്റാക്ക് ചെയ്യുന്നത്? .............(ബഹളം).......... വെട്ടുതുറ സെന്റ് സെബാസ്റ്റ്യൻ പള്ളിയിലെ ഇടവകവികാരി ഫാദർ പോൾബാബു ഉൾപ്പെടെ സ്ഥലവാസികളായ മറ്റ് നാലുപേർക്ക് മർദ്ദനമേറ്റുവെന്ന് എഴുതിയിരിക്കുകയാണ്. രണ്ടും രണ്ട് രൂപത്തിൽ വന്നതുകൊണ്ട്

എന്റെ ദു:ഖംകൊണ്ട് ഞാൻ ഇത് സൂചിപ്പിച്ചുവെന്നേയുള്ളൂ. ............(ബഹളം).......... ഇതിൽ ഏതാണ് ശരിയെന്നുള്ളത് ഒരു പ്രധാനപ്പെട്ട കാര്യമല്ലേ? ഇതിൽ ഏതാണ് സത്യമെന്നത് ഈ സഭയ്ക്ക് അറിയണ്ടേ? 18–ാം തീയതി ശ്രീ. വി. ശശി എഴുതിത്തന്നതാണോ ഇന്ന് രാവിലെ ശ്രീ. മാത്യു റ്റി. തോമസ് മോടിപിടിപ്പിച്ച് തന്നതാണോ ഏതാണ് ശരിയെന്നുപരിശോധിച്ചാൽ മതി. ............(ബഹളം).......... ഇപ്പോൾ സ്പീക്കർ അല്ലേ എന്നെ വിളിച്ചത്. അദ്ദേഹത്തോടല്ലേ എന്റെ പ്രധാനപ്പെട്ട ബാധ്യത. അദ്ദേഹത്തോടല്ലേ എനിക്ക് പറയാൻ സാധിക്കൂ. കഠിനംകുളം പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട വെട്ടുതുറ കടൽ തീരത്ത് മര്യനാട് നിവാസികളും വെട്ടുതുറ നിവാസികളും തമ്മിൽ സംഘർഷമുണ്ടായി. മര്യനാട് സ്വദേശിയായ ഒരു സ്ത്രീ അവിടെ വന്നപ്പോൾ ചീട്ട് കളിച്ചുകൊണ്ടിരുന്ന ആളുകൾ കമന്റടിച്ചു. കമന്റടിച്ച വിവരം ഈ സ്ത്രീ നാട്ടിൽപ്പോയി സഹോദരനോടും വീട്ടുകാരോടും പറഞ്ഞു. ബന്ധുക്കളും വീട്ടുകാരുമെല്ലാം സംഘടിച്ച് വന്ന് അവിടെ സംഘർഷമുണ്ടാക്കി. ആ സംഘർഷം തീർക്കുന്നതിന് സ്ഥലത്തുണ്ടായിരുന്ന ആളുകൾ ഒരുമിച്ചുചേർന്നു. സംഘർഷം മൂത്തപ്പോൾ കഠിനംകുളം പോലീസ് സ്റ്റേഷനിൽ വിവരമറിയിച്ചു. അപ്പോൾ അവിടെ ഡ്യൂട്ടിയിലുണ്ടായിരുന്ന നാല് പോലീസുകാർ സ്ഥലത്തെത്തി. അതിനിടയ്ക്ക് അഞ്ഞൂറോളം ആളുകൾ പല സ്ഥലങ്ങളിലായി സംഘടിച്ച് സംഘർഷങ്ങളുണ്ടാക്കി. ആൻഡേഴ്സൺ ആന്റണി ഒരു നല്ല പൊതുപ്രവർത്തകനാണ്, അദ്ദേഹം പ്രശ്നം തീർക്കുന്നതിനുവേണ്ടി ഇടപെട്ടു. ഇടപെട്ടപ്പോൾ ആൻഡേഴ്സൺ പറഞ്ഞ ഒരു മൊഴി എന്റെ കയ്യിൽ റെക്കോർഡായിട്ടുണ്ട്. ‘എന്തെങ്കിലും പരാതിയുണ്ടെങ്കിൽ പോലീസിനോട് പറഞ്ഞാൽപ്പോരേ, അന്യോന്യം വഴക്കടിച്ച് തല്ലുകൂടണോ’

എന്നാണ് അദ്ദേഹം ചോദിച്ചത്. ഇതിനിടയ്ക്ക് അദ്ദേഹത്തിന് ഒരു ഇരുമ്പ് വടി കൊണ്ട് അടിയേറ്റു. അദ്ദേഹത്തെ അവിടെയുണ്ടായിരുന്ന പോലീസുകാരും നാട്ടുകാരും ചേർന്ന് തൊട്ടടുത്ത ഒരു സ്വകാര്യ ആശുപത്രിയിൽ കൊണ്ടുപോയി. അതിനുശേഷം മെഡിക്കൽ കോളേജിലേയ്ക്ക് കൊണ്ടുപോയി. മെഡിക്കൽ കോളേജിലെ കാഷ്വാലിറ്റിയിലെ പരിശോധനയിൽ ആൻഡേഴ്സൺ ആന്റണി മരിച്ചതായി ഡോക്ടർ സർട്ടിഫൈ ചെയ്തു. ഇതാണ് സംഭവം. അവിടെ ചെയ്യാവുന്ന എല്ലാ പ്രധാനപ്പെട്ട നടപടികളും പോലീസ് എടുത്തിട്ടുണ്ട്. യാതൊരു കാരണവശാലും പോലീസ് ഇതിൽ വിട്ടുവീഴ്ച കാണിച്ചിട്ടില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, പോലീസ് നോക്കിനിൽക്കെയാണ് ഈ കൊല നടന്നത്. അത് അങ്ങ് എന്താണ് പറയാത്തത്; അങ്ങയുടെ പോലീസ് ആയതുകൊണ്ടാണോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പ്രശ്നമുണ്ടായപ്പോൾ കഠിനംകുളം പോലീസ് സ്റ്റേഷനിൽ വിവരം അറിയിച്ചു. അപ്പോൾ ഡ്യൂട്ടിയിലുണ്ടായിരുന്ന നാല് പോലീസുകാർ അവിടെയെത്തി. അവർകൂടി നിൽക്കുമ്പോൾ അഞ്ഞൂറോളം ആളുകൾ പല സ്ഥലങ്ങളിലായി സംഘടിച്ച് സംഘർഷമുണ്ടാക്കിക്കൊണ്ടിരുന്നു. അപ്പോൾ പോലീസ് ഇടപെട്ടു. പോലീസിന്റെ പ്രസൻസ് അവിടെയുണ്ടായിരുന്നുവെന്നുള്ളത് സത്യമാണ്. അതാണല്ലോ ഞാൻ പറഞ്ഞത്. അവിടെ പല സ്ഥലങ്ങളിലുണ്ടായ സംഘർഷം തീർക്കുന്നതിനുവേണ്ടി പോലീസ് ശ്രമിച്ചതുപോലെതന്നെ ആൻഡേഴ്സണും ഈ പ്രശ്നം തീർക്കുന്നതിനുവേണ്ടി ശ്രമിച്ചു. പക്ഷേ പോലീസും ആൻഡേഴ്സണെപ്പോലെയുള്ള പൊതുപ്രവർത്തകരും ഒരുമിച്ച് ശ്രമിച്ചിട്ടും ഈ പ്രശ്നം അവിടെ അവസാനിച്ചില്ല. അതിനിടയ്ക്കാണ് ഇരുമ്പ് ദണ്ഡുകൊണ്ട് അദ്ദേഹത്തിന്റെ തലയ്ക്കടി

യേറ്റത്. ഈ കാര്യത്തിൽ പൗലോസ്, സിൽവദാസ്, പൗലോസിന്റെ മരുമകൾ, കണ്ടാലറിയാവുന്ന മറ്റ് ഏഴുപേർ എന്നിവരെ പ്രതികളാക്കി കഠിനംകുളം പോലീസ് ഇന്ത്യൻ ശിക്ഷാനിയമം 143, 147, 148, 149, 341, 294 (ബി), 302 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 127/2013 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിലെ മൂന്ന് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുമുണ്ട്. ബാക്കിയുള്ള പ്രതികളെ കണ്ടുപിടിക്കുന്നതിനുള്ള ശ്രമം നടക്കുകയാണ്. കഠിനംകുളം പ്രദേശത്തിന്റെ പ്രത്യേകതയൊക്കെ ഇവിടെയിരിക്കുന്ന എല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ട് സമചിത്തതയോടുകൂടി ഈ കാര്യങ്ങൾ കൈകാര്യം ചെയ്യണം. അതേസമയം ഇതുപോലെയുള്ള അക്രമപ്രവർത്തനങ്ങൾ ഒരുകാരണവശാലും അംഗീകരിക്കുവാനും സാധ്യമല്ല. അക്രമപ്രവർത്തനങ്ങൾ വളരെ ശക്തമായ നിലയിൽ ഇല്ലാതാക്കുക തന്നെ വേണം. ഇതാണ് ഗവൺമെന്റിന്റെ സ്റ്റാൻഡ്. അത് ഞാൻ വിശദീകരിച്ചു.

ശ്രീ. വി. ശിവൻകുട്ടി: സർ, ............(മൈക്ക് ഓഫ്)...........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതും പരിഗണിക്കാവുന്നതാണ്.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ശ്രീ. വി. ശശി കൊടുത്ത നോട്ടീസിലും ഞാൻ കൊടുത്ത നോട്ടീസിലുമുള്ള വൈരുദ്ധ്യങ്ങളിൽ ഗവേഷണം നടത്തിക്കൊണ്ടാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറഞ്ഞു തുടങ്ങിയത്. സാധാരണ ഇത്തരം ഗവേഷണങ്ങൾ നടത്തുന്നത് പ്രതിഭാഗം വക്കീലന്മാരാണ്. കോടതിയിൽ വിചാരണ നടക്കുമ്പോൾ പ്രതിഭാഗം വക്കീലന്മാർ സാക്ഷിയുടെ മൊഴിയിൽ വൈരുദ്ധ്യങ്ങളുണ്ടോ, കോർട്ടലക്ഷ്യമുണ്ടോ എന്ന് ഗവേഷണം നടത്തി പ്രതികളെ രക്ഷിക്കാൻ വേണ്ടി ശ്രമിക്കാറുണ്ട്.

ആ റോളിലേയ്ക്ക് കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രി അധ:പതിച്ചിരിക്കുകയാണ്. തിരുവനന്തപുരം ജില്ലയിൽ കഠിനംകുളം വെട്ടുതുറ കടൽത്തീരത്ത് 13-ാം തീയതി ഞായറാഴ്ച രാവിലെ സാമൂഹിക പ്രവർത്തകനായ ആൾഡൻ ആന്റണി പോലീസ് സംഘത്തിന്റെ കൺമുമ്പിൽ വച്ച് കൊല ചെയ്യപ്പെട്ടു. കൊല ചെയ്യപ്പെട്ടയാൾ ആൾഡൻ ആന്റണിയാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറയുന്ന ആൻഡേഴ്സൻ ആരാണെന്ന് എനിക്ക് അറിഞ്ഞുകൂടാ. ബഹുമാനപ്പെട്ട മന്ത്രി തന്നെ സമ്മതിച്ചതുപോലെ പോലീസിന്റെ കൺമുമ്പിൽ വച്ചാണ് ഈ കൊലപാതകം നടന്നിരിക്കുന്നത്. സെന്റ് സെബാസ്റ്റ്യൻ പള്ളി ഇടവക വികാരി ഫാദർ പോൾ ബാബു ഉൾപ്പെടെ അവിടെയുണ്ടായിരുന്ന നിരവധി പേർക്ക് പരിക്കേറ്റു എന്നാണ് എനിക്ക് കിട്ടിയ വിവരം. തെറ്റാണെങ്കിൽ അങ്ങ് തിരുത്തിക്കൊള്ളൂ. പള്ളിയിലെ അച്ചന് അടികിട്ടി എന്നുപറഞ്ഞതുകൊണ്ട് ഞങ്ങൾക്കൊന്നും നേടാനില്ല, കിട്ടിയ വിവരം പറഞ്ഞൂവെന്നേയുള്ളൂ. വെട്ടുതുറ കടൽത്തീരത്ത് ചീട്ടുകളി പതിവാണ്. കടൽത്തീരത്ത് മദ്യപാനം പാടില്ല എന്ന് പള്ളി ഭാരവാഹികൾ അവിടെ ബോർഡ് സ്ഥാപിച്ചു. ചീട്ടുകളി നടത്താൻ പാടില്ല എന്നാവശ്യപ്പെട്ടുകൊണ്ട് മര്യനാട്ടു നിന്നും ഒരു സംഘം ***********[1] അവിടെ വന്ന് പ്രദേശവാസികളെ മർദ്ദിച്ചു. ഈ മർദ്ദനം നടക്കുമ്പോൾ പള്ളിയിലെ വികാരിയച്ചൻ ഇടപെട്ടു. നാട്ടിൽ സംഘർഷം ഉണ്ടാകരുതെന്നാഗ്രഹിച്ച് ഒരു വികാരിയച്ചൻ പ്രവർത്തിക്കുന്നത് തെറ്റാണോ? ദേവാലയങ്ങളിലെ ആരാധന മാത്രമല്ല ഈ നാട്ടിൽ സമർപ്പിക്കാനുള്ള സേവനം എന്നു മനസ്സിലാക്കിക്കൊണ്ട് സംഘർഷമുള്ളിടത്ത് ഇടപെടുന്നത് ആധ്യാത്മികതയുടെ ഭാഗമായി കണ്ടെത്തിയ ഒരു വിശ്വാസിയാണ് ആ പള്ളിയിലെ അച്ചൻ. അച്ചൻ ഇടപെട്ടിട്ടും

---

[1] *************** _ബഹു. സ്പീക്കറുടെ ഉത്തരവ് പ്രകാരം സഭാ രേഖയിൽ നിന്നും നീക്കം ചെയ്തു.

സമാധാനമുണ്ടായില്ല, അപ്പോൾ അച്ചൻ പോലീസിനെ വിളിപ്പിച്ചു. കഴക്കൂട്ടം സി.ഐ. വിനോദിന്റെ നേതൃത്വത്തിൽ എസ്.ഐ. അടക്കമുള്ള പോലീസുകാർ അവിടെ വന്നു. സംഘർഷമുള്ളിടത്ത് പോലീസ് വരുന്നത് കാഴ്ചക്കാരാകാനാണോ? സംഘർഷം മയപ്പെടുത്താൻ ഇതിനിടയിലൊന്നും കഴിയുന്നില്ല. ഇടയ്ക്ക് ഒന്ന് ശാന്തമായി, വീണ്ടും സംഘർഷമായപ്പോഴാണ് പള്ളിയിൽ കുർബാന കഴിഞ്ഞ് മടങ്ങിവരികയായിരുന്ന സാമൂഹിക പ്രവർത്ത കനും മത്സ്യത്തൊഴിലാളി കുടുംബത്തിൽ നിന്നുള്ള എം.ബി.എ. ബിരുദധാരി യുമായ ആൾഡൻ ആന്റണി അവിടെ വന്ന് ഇടപെടുന്നത്. ആളുകൾ അക്ര മിക്കപ്പെടുമ്പോൾ ഇടപെടുന്ന ഒരു നല്ല ശമരിയക്കാരന്റെ റോളിലാണ് അദ്ദേഹം ഇടപെട്ടത്. അക്രമം കണ്ട് മാറിപ്പോകുകയല്ല, നല്ല ശമരിയക്കാ രന്റെ കഥ വിശുദ്ധ വേദപുസ്തകത്തിൽ പറയുന്നുണ്ട്. ഒരു ആപത്ത് നിൽക്കുമ്പോൾ ഒഴിഞ്ഞു പോകുന്ന പുരോഹിതനെപ്പോലെയല്ല, ഒരു നല്ല ശമ രിയക്കാരൻ. ആപത്തിൽപ്പെട്ടയാളെ സഹായിക്കാൻ, അപകടം ഒഴിവാക്കാൻ വേണ്ടി അവിടെ അദ്ദേഹം എത്തി. അവിടെ പുരോഹിതനുണ്ട്, പോലീസ് എത്തിയിട്ടുണ്ട്. അവരൊക്കെ നിൽക്കുമ്പോൾ സംഘർഷസ്ഥലത്ത് അദ്ദേഹം കാഴ്ചക്കാരനായില്ല. ഇപ്പോൾ കാഴ്ചക്കാരുടെ ഒരു കാലഘട്ടമാണ്. എന്തെ ങ്കിലും സംഭവമുണ്ടാകുമ്പോൾ മൊബൈൽ ഫോണിൽ പകർത്താനാണ് പലർക്കും താല്പര്യം. പക്ഷേ ഇവിടെ ആൾഡൻ ആൻണി ഈ സംഘർഷങ്ങൾ മൊബൈൽ ഫോണിൽ പകർത്താനോ ഫോട്ടോ എടു ക്കാനോ അല്ല ശ്രമിച്ചത്. സംഘർഷം ഒഴിവാക്കുവാനും അക്രമം നിർത്തു വാനും വേണ്ടിയാണ് പ്രവർത്തിച്ചത്. മലയാള മനോരമ പത്രത്തിൽ എട്ടു കോളം വാർത്തയാണ് കൊടുത്തിരിക്കുന്നത്. “വെട്ടുതുറ കടപ്പുറത്ത് ഏറ്റുമു

ട്ടൽ, തടയാൻ ചെന്നയാളിനെ അടിച്ചുകൊന്നു" – സബ് ഹെഡ്ഡിംഗ്. "പോലീസ് നോക്കിനിൽക്കെ കമ്പിപ്പാര കൊണ്ടും ക്രിക്കറ്റ് ബാറ്റ് കൊണ്ടും ആൾഡന്റെ തലയ്ക്കടിച്ചു വീഴ്ത്തി. പോലീസിന്റെ സാന്നിദ്ധ്യത്തിൽ വെട്ടു തുറ കടപ്പുറത്ത് ഇരുവിഭാഗങ്ങളും ചേരിതിരിഞ്ഞ് ഏറ്റുമുട്ടി, വിലക്കാൻ ചെന്നയാളെ ഒരു സംഘം വളഞ്ഞിട്ട് കമ്പിപ്പാര കൊണ്ടും തടിക്കഷണം കൊണ്ടും അടിച്ചുകൊന്നു." "വെട്ടുതറയിൽ സംഘർഷാവസ്ഥ." ഇത് പറയു ന്നത് മലയാള മനോരമയാണ്. "പള്ളിയിൽ നിന്ന് വീട്ടിലേയ്ക്കുള്ള അരിയും മറ്റും വാങ്ങി മടങ്ങുന്ന ആൾഡൻ, തന്റെ വീടിനടുത്ത് താമസിക്കുന്ന ഒരാളെ മര്യനാട് നിന്നും വന്ന സംഘം വളഞ്ഞിട്ട് തല്ലുന്നത് കണ്ട് തടയാൻ എത്തുമ്പോൾ തല്ലിയ ആളിനെ ഉപേക്ഷിച്ച് ആൾഡനെ പലരും ചേർന്ന് വളഞ്ഞിട്ട് തല്ലി. പോലീസ് നോക്കിനിൽക്കെ തന്നെ കയർ ചുറ്റിയ കമ്പിപ്പാര കൊണ്ടും ക്രിക്കറ്റ് ബാറ്റ് കൊണ്ടും ആൾഡന്റെ തലയ്ക്കടിച്ച് വീഴ്ത്തിയ ശേഷം സംഘം ഓടി രക്ഷപ്പെടാൻ ശ്രമിച്ചു." ജീവനും സ്വത്തിനും സംരക്ഷണം നൽകാനുള്ള ബാദ്ധ്യത പോലീസിനാണ്. അക്രമം നട ക്കുന്നിടത്തെല്ലാം പോലീസിന് ഓടിയെത്താൻ കഴിഞ്ഞെന്നുവരില്ല. പക്ഷേ ഇവിടെയെന്താണ് സ്ഥിതി? പള്ളിയിലെ അച്ചൻ വിളിച്ചു പറഞ്ഞതനുസരിച്ച് അവിടെയെത്തിയ പോലീസ് സംഭവം നോക്കി നിന്നു. ജീവൻ അമൂല്യ മല്ലേ? ഇവിടെ പരാജയപ്പെട്ടത് ഈ സംസ്ഥാനത്തിന്റെ ഭരണസംവിധാനമാണ്. പൊതുഖജനാവിൽ നിന്ന് ശമ്പളം പറ്റുന്ന പോലീസ്, പറ്റുന്ന ശമ്പളത്തിന്റെ ഭാഗമായി നിർവ്വഹിക്കേണ്ട ഉത്തരവാദിത്വം നിർവ്വഹിക്കാതിരുന്നു എന്നുള്ള താണ് പ്രശ്നം. കൃത്യം നടത്തിയവരെയൊന്നും ഇതുവരെ അറസ്റ്റ് ചെയ്തി ട്ടില്ല. അതാണ് മാതൃഭൂമി പത്രത്തിൽ ഇന്നലെ പറഞ്ഞിരിക്കുന്നത്. "സാമൂഹി

കപ്രവർത്തകന്റെ മരണം: മൂന്നു പേർ അറസ്റ്റിൽ. അറസ്റ്റ് ചെയ്യപ്പെട്ട പൗലോസിന്റെ കുടുംബവും നാട്ടുകാരുമായുള്ള തർക്കവുമാണ് സംഘർഷത്തിലെത്തിയത്. ഇവരെ സഹായിക്കാനാണ് മര്യനാട്ട് നിന്നും മുപ്പതോളം വരുന്ന സംഘം വെട്ടുതുറയിലെത്തിയത്. സംഘർഷം ഒത്തുതീർപ്പാക്കാൻ എത്തിയപ്പോഴാണ് മരിയനാട്ട് നിന്നെത്തിയ സംഘത്തിന്റെ അടിയേറ്റ് ആൾഡൻ മരിച്ചത്. മരണം അറിഞ്ഞ സംഘം ഓടി രക്ഷപ്പെടുകയും ചെയ്തു. കഴക്കൂട്ടം സി.ഐ. അടക്കമുള്ള പോലീസ് ഉദ്യോഗസ്ഥരുടെ മുന്നിൽ വച്ചാണ് ആൾഡന് മർദ്ദനമേറ്റത്. ഇത് നാട്ടുകാരുടെ പ്രതിഷേധങ്ങൾക്ക് ഇടയാക്കി. നാട്ടുകാരാണ് ഈ മൂന്നു പ്രതികളേയും പോലീസിന് പിടിച്ചു നൽകിയത്. ” എന്താണ് ഇവിടെ പോലീസ് ചെയ്യുന്നത്? തദ്ദേശവാസികളോടും പൊതുപ്രവർത്തകരോടും കഴക്കൂട്ടം സി.ഐ. പറയുകയാണ്, “വലിയ സമ്മർദ്ദമാണ്, പ്രതിയെ പിടിക്കാൻ കഴിയുന്നില്ല. പിടിച്ചിരിക്കുന്ന പ്രതികളെപ്പോലും വിട്ടയയ്ക്കാൻ ഉന്നതങ്ങളിൽ നിന്ന് സമ്മർദ്ദമാണ്.” കഴക്കൂട്ടം സി.ഐ. ഓഫീസിനെ നിയന്ത്രിക്കുന്ന ബാഹ്യശക്തികൾ ഏതാണെന്ന് വ്യക്തമാക്കണം. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ജനമൈത്രി പോലീസ് അവതരിപ്പിച്ചു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ കാലത്ത് ഇത് ***********[2] മൈത്രി പോലീസ് ആയി മാറിയിരിക്കുകയാണ്. കോഴിക്കോട് ജനതാദൾ ജില്ലാ പ്രസിഡന്റ് ആക്രമണത്തിൽ വെട്ടേറ്റ് ആശുപതിയിൽ കിടന്നിട്ട് പ്രതികൾ ലീഗ് പ്രവർത്തകരായതിനാൽ ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല. ഇക്കാര്യം അങ്ങയോട് ഞാൻ നേരിട്ട് സംസാരിച്ചതല്ലേ? സി.പി.ഐ.-യുടെ ഗുരുവായൂർ മുനിസിപ്പാലിറ്റി കൗൺസിലർ എ.എം. ഷെഫീർ മാർച്ച് 7-ന് അനധികൃതമായി നെൽപ്പാടം നികത്തുന്നുണ്ടെ

[2] *********** ബഹു. സ്പീക്കറുടെ ഉത്തരവ് പ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

ന്നറിഞ്ഞ് സ്ഥലത്തെത്തി തടയാൻ ശ്രമിച്ചതിന് മാഫിയാ സംഘം അദ്ദേഹത്തെ അക്രമിച്ചു. അദ്ദേഹം ആശുപത്രിയിലാണ്. അദ്ദേഹത്തിനെതിരെയാണ് കേസ് എടുത്തിരിക്കുന്നത്, *********** എതിരെ കേസ്സില്ല. കണ്ണൂരിൽ ഇപ്പോൾ സി.ഐ.ടി.യു.വിന്റെ സമ്മേളനവുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ നശിപ്പിക്കുകയാണ്. ജനമൈത്രി പോലീസ് ഇപ്പോൾ ********* മൈത്രി പോലീസായി മാറിയിരിക്കുകയാണ്. സാമൂഹികപ്രവർത്തകർ നാട്ടിൽ നന്മ ചെയ്യുന്നവരാണ്. എല്ലാ സാമൂഹിക പ്രവർത്തകരും, എം.എൽ.എ. മാരും മന്ത്രിമാരും എം.പി. മാരും ആവുകയില്ല. നാട്ടിലെ പൊതുപ്രശ്നങ്ങളിൽ ഇടപെട്ട് ശരിയുടെ പക്ഷത്ത് നിൽക്കുന്ന സാമൂഹികപ്രവർത്തകർ നിരവധിയാണ്. നാടിന് സമാധാനമുണ്ടാകാൻ കാംക്ഷിക്കുന്നവരാണ് അവർ. ആൾഡൻ ആന്റണിയുടെ കുടുംബാന്തരീക്ഷം എന്താണ്? അദ്ദേഹം ഒരു പാവപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബത്തിൽപ്പെട്ടയാളാണ്. മത്സ്യത്തൊഴിലാളികൾക്ക് കടലിലും രക്ഷയില്ല, കടപ്പുറത്തും രക്ഷയില്ല. കടലിൽ പോയാൽ വെടിവച്ചു കൊല്ലും, കടൽത്തീരത്ത് പോയാൽ തല്ലിക്കൊല്ലും. ഇതാണ് സ്ഥിതി. എം.ബി.എ. പാസ്സായതിനുശേഷം പ്ലംബറായി ജോലി നോക്കി വരികയായിരുന്നു ഈ 35 കാരൻ. അദ്ദേഹത്തിന്റെ ഭാര്യ ബി.കോം ബിരുദധാരിയാണ്. ഒന്നരവയസ്സു മാത്രം പ്രായമുള്ള ഒരു കുട്ടിയുണ്ട്. ഈ കുടുംബത്തിനെ സഹായിക്കാൻ ഗവൺമെന്റിന് ഉത്തരവാദിത്വമില്ലേ? ഭരണസംവിധാനം പരാജയപ്പെട്ടിടത്ത്, ഭരണകൂടത്തിന്റെ വക്താക്കളായ പോലീസ് നിർവ്വഹിക്കേണ്ട ധർമ്മം നിർവ്വഹിക്കാതെ കാഴ്ചക്കാരായി നോക്കി നിന്നിടത്ത് ഇടപെട്ട് ജീവൻ ബലികഴിപ്പിച്ച ഒരു സാമൂഹിക പ്രവർത്തകന്റെ കുടുംബത്തോട് ഗവൺമെന്റിന് ഉത്തരവാദിത്വമില്ലേ? മതിയായ നഷ്ടപരി

ഹാരം കൊടുക്കാൻ കഴിയണം, നിസ്സാരത്തുക കൊടുത്താൽ പോരാ. ആ കുടുംബത്തിന് ജോലി കൊടുക്കാൻ കഴിയണം. കാഴ്ചക്കാരായി നോക്കിനിന്ന കഴക്കൂട്ടം സി.ഐ. അടക്കമുള്ള പോലീസുകാർക്കെതിരെ നടപ ടിയെടുക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണം. നടപടിയില്ലെങ്കിൽ പോലീസ് നിഷ്ക്രിയത്വത്തിന് രാഷ്ട്രീയ പിൻബലമുണ്ടെന്ന് കേരളീയ സമൂഹം അനു മാനിക്കേണ്ടി വരും. തെറ്റായ സന്ദേശമാണ് ഇത് നാട്ടിൽ കൊടുക്കുന്നത്. നാട്ടിലിപ്പോഴും സംഘർഷാവസ്ഥ നിലനിൽക്കുകയാണ്. ഭരണസംവിധാനം പാടെ തകർന്നിരിക്കുന്നു. ഇവിടത്തെ പോലീസ് ജനങ്ങളുടെ പക്ഷത്തല്ല, ***********[3] പക്ഷത്താണെന്ന് തെളിയിക്കപ്പെട്ടിരിക്കുകയാണ്. ഭരണകൂടം ആകെ പരാജയപ്പെട്ട അവസ്ഥയിൽ; പോലീസിന്റെ സഹായത്തോടെ ഉണ്ടാ ക്കിക്കൊണ്ടിരിക്കുന്ന ഈ സംഘർഷാവസ്ഥയിൽ, സഭാനടപടികൾ നിറുത്തി വച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ശ്രീ. വി. ശശിയുടെ നിയോജകമണ്ഡലത്തിലാണ് ഈ സംഭവം നടന്നിരിക്കുന്നത്. അതുകൊണ്ട് ഒരു മിനിട്ട് ശ്രീ. വി. ശശിക്ക് സംസാരിക്കാം.

ശ്രീ. വി. ശശി : സർ, ഞാൻ ആ സ്ഥലം സംഭവം നടന്ന ദിവസം സന്ദർശിച്ചതാണ്. ഇവിടെ അവതരിപ്പിച്ച കാര്യങ്ങളെല്ലാം പൂർണ്ണമായും ശരി യായ സംഭവങ്ങളാണ്. ഒരു കാര്യം മാത്രം ഞാൻ ബഹുമാനപ്പെട്ട മന്ത്രി യുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. കഠിനംകുളം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കഴിഞ്ഞ ആറ് മാസത്തിനിടയിൽ നടക്കുന്ന മൂന്നാമത്തെ കൊലപാതകമാണിത്. ഈ കൊലപാതകം നടന്ന അതേ

---

[3] *********** ബഹു. സ്പീക്കറുടെ ഉത്തരവ് പ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

സ്ഥലത്ത് കല്പന കേളനിയിൽ രതീഷ് എന്നുപറയുന്ന ഒരു യുവാവിനെ മൂന്ന് മാസങ്ങൾക്കുമുമ്പാണ് വെട്ടിക്കൊന്നത്. ഈ സംഭവം നടക്കുന്ന സന്ദർഭത്തിൽ ആദ്യം ഓട്ടോറിക്ഷയിലാണ് നാലു് പോലീസുകാർ അവിടെ വന്നത്. സർക്കിൾ ഇൻസ്പെക്ടർ ഈ സമയത്ത് സംഭവസ്ഥലത്തുണ്ടായി രുന്നു. എന്നുമാത്രമല്ല ഈ വിഷയത്തിൽ ബഹുമാനപ്പെട്ട പള്ളി വികാരി യോട് സി. ഐ. പറഞ്ഞത്, അവർ ഒരേ സമുദായക്കാരാണ്, അടിച്ചു തീർക്കട്ടെ, അതുകഴിഞ്ഞ് ഇടപെട്ടാൽ മതിയെന്നാണ്. പോൾ ബാബു എന്ന പള്ളി വികാരി ഇക്കാര്യം എന്നോട് സൂചിപ്പിക്കുകയുണ്ടായി. അതുകൊണ്ട് ഈ സി.ഐ. ഉൾപ്പെടെയുള്ളവർ ചെയ്ത അതിക്രൂരവും പൈശാചികവുമായ സംഭവത്തിൽ ഇന്ന് ആ തീരദേശം പുകയുകയാണ്. അവർക്ക് കാര്യമായ ധനസഹായം നൽകണം. ആ പെൺകുട്ടിക്ക് ജോലി കൊടുക്കണം. ഈ കേസ്സിൽ ഇടപെട്ട ദൃക്സാക്ഷിയാണ് അവിടത്തെ പള്ളി വികാരി. ആരൊക്കെയാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത് എന്നതിന്റെ വ്യക്തമായ ലിസ്റ്റ് അദ്ദേഹം കൊടുത്തിട്ടുണ്ട്. ഇതുവരെ ഒരു പ്രതിയെപ്പോലും പിടിച്ചിട്ടില്ല. നാട്ടു കാർ പിടിച്ചുകെടുത്ത മൂന്നുപേർ മാത്രമാണ് ഇന്ന് കസ്റ്റഡിയിലുള്ളത്. അതു കൊണ്ട് ഈ സി.എ.-യെ മാറ്റി മറ്റൊരു ഉദ്യോഗസ്ഥനെക്കൊണ്ട് ഈ കേസ് അന്വേഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃ ഷ്ണൻ): സർ, യഥാർത്ഥത്തിൽ ഞാൻ കേസ് വാദിച്ചതല്ല. ഞാൻ സത്യ ത്തിന്റെ കേസ്സേ വാദിക്കുകയുള്ളൂ. ശബ്ദഘോഷംകൊണ്ട് അതിനെ തകർക്കാനും പറ്റില്ല. സത്യം സത്യമായിട്ട് എന്നും നിൽക്കും. കേസ് ദുർബ ലമാകുമ്പോൾ ശബ്ദം കൂട്ടും. ഇവിടെ ശ്രീ. വി. ശശി ഇത് അടിയന്തരപ്ര മേയമായി അവതരിപ്പിച്ചാൽ മതിയായിരുന്നല്ലോ? ശ്രീ. ശശി മതിയായിരുന്ന

ല്ലോ; ശ്രീ. വി. ശശിക്ക് അങ്ങനെ പ്രശ്നമുണ്ടായിരുന്നെങ്കിൽ ശ്രീ. വി. ശശി മതിയായിരുന്നല്ലോ? എന്തിനാണ് ശ്രീ. വി. ശശിയെ ********[4] ശ്രീ. വി. ശശിയെ ********** വി. ശശിയെക്കൊണ്ട് അവതരിപ്പിച്ചാൽ പോരായിരുന്നോ? ..........(ബഹളം)...........

ശ്രീ. സി. ദിവാകരൻ: സർ, എന്റെ കക്ഷിയിൽപ്പെട്ട ഒരു എം. എൽ.എ.യെ ********* എന്നാണദ്ദേഹം പറഞ്ഞത്. ഇത് പ്രതിപക്ഷത്തെ ആക്ഷേപിക്കലാണ്. അത് ശരിയല്ല.

.......ബഹളം)........

മി. സ്പീക്കർ : അദ്ദേഹം അവിടെ നിൽക്കുകയല്ലേ, അദ്ദേഹം സംസാരിക്കുകയല്ലേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : എന്റെ കയ്യിലിരിക്കുന്ന ഡോക്യുമെന്റ് വച്ചാണ് ഞാൻ പറയുന്നത്. എന്റെ കയ്യിലിരിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിലാണ് ഞാൻ സംസാരിക്കുന്നത്. ..........(ബഹളം).....എന്റെ കയ്യിലിരിക്കുന്ന.....

ശ്രീ. സി. ദിവാകരൻ : സർ,..........

മി. സ്പീക്കർ : അങ്ങ് ഇരിക്കൂ. അങ്ങേയ്ക്ക് സമയം തരാം. അദ്ദേഹം സംസാരിച്ച് തീരട്ടെ. അങ്ങേയ്ക്ക് സമയം തരാം. ..........(ബഹളം)..... പ്ലീസ്.... എം.എൽ.എ. പറഞ്ഞത് കേട്ടിട്ട് അദ്ദേഹം എന്തു പറഞ്ഞു? എം.എൽ.എ. പറഞ്ഞത് കേട്ടിട്ട് അദ്ദേഹമൊന്നും പറഞ്ഞില്ല. ..........(ബഹളം)..... അദ്ദേഹത്തിന് മറുപടി പറയേണ്ടേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഈ അടിയന്തര പ്രമേയത്തിന് ആധാരമായ ഇതേ കാര്യംതന്നെ 18-ാം തീയതി ശ്രീ. വി. ശശി സബ്മിഷ

[4] ******** പിൻവലിച്ചു.

നായി എഴുതിത്തന്നത് എന്റെ കയ്യിലുണ്ട്. വള്ളി, പുള്ളി, വിസ്സർഗ്ഗ വ്യത്യാസമില്ലാതെ ഇതേ കാര്യംതന്നെ....... ഞാനൊരു നിയമപ്രശ്നം ചോദിക്കുകയാണ്. റൂൾ 50 അങ്ങ് അനുവദിച്ചതുകൊണ്ട് ഞാൻ പൂർണ്ണമായും സമ്മതിക്കുന്നു. റീസന്റായ ഒക്കറൻസിനെപ്പറ്റിയാണ് റൂൾ 50 കൊണ്ടുവരിക. റൂൾ 50-യുടെ ഡെഫനിഷൻ എന്താണ്? റീസന്റായ ഒരു ഒക്കറൻസിനെക്കുറിച്ചായിരിക്കണം. സബ്മിഷനായി തന്ന ഒരു കാര്യം പിന്നീട് അടിയന്തരപ്രമേയമായി കൊണ്ടുവരുന്നത് റൂൾ ബുക്കിൽ എവിടെയാണുള്ളത്; നമ്മുടെ വ്യവസ്ഥയ്ക്കകത്ത് എവിടെയെങ്കിലും ഉണ്ടാകണ്ടേ? അത് ഞാൻ ചോദ്യം ചെയ്തത് തെറ്റാകുമോ? ഞാൻ പറഞ്ഞത് അത്രയേയുള്ളു. ........(ബഹളം)......

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ഞാൻ ഒരു കാര്യം ചോദിച്ചോട്ടെ, സബ്മിഷൻതന്നെ അനുവദിക്കാതിരുന്ന സാഹചര്യത്തിൽ. ശ്രീ. വി. ശശി............, അതുപോലും ഉന്നയിക്കാൻ കഴിഞ്ഞില്ല. സബ്മിഷന്റെ കാര്യത്തിൽ അങ്ങാണല്ലോ അനുവാദം കൊടുക്കുകയും മറ്റും ചെയ്യേണ്ടത്. അങ്ങ് അത് ചെയ്തില്ല. എന്നിട്ട് ഇപ്പോൾ അടിയന്തരപ്രമേയം വന്നപ്പോൾ ശ്രീ. വി. ശശിയെ *******[5]* എന്നു പറഞ്ഞുകൊണ്ട് പ്രതിപക്ഷത്തെ ആക്ഷേപിക്കുന്നു.

മി. സ്പീക്കർ : നോ....നോ.. അങ്ങനെയല്ല.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : പ്രതിപക്ഷത്തെ ആക്ഷേപിക്കുകയാണ് ബഹുമാനപ്പെട്ട സ്പീക്കർ ചെയ്തത്. ഇത് ഞങ്ങൾ സഹിക്കില്ല. ഇത് തെറ്റായ സമീപനമാണ്. അങ്ങ് ഇതിന് കൂട്ടു നിൽക്കരുത്.

---

മി. സ്പീക്കർ : ചെയർ എന്തു ചെയ്തു; എന്തു ചെയ്തെന്നാണ് പറയുന്നത് ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : അദ്ദേഹം പ്രസംഗിച്ചത് അങ്ങ് കേട്ടില്ലേ?

മി. സ്പീക്കർ : എന്താണ്?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അധ്യക്ഷ സ്ഥാനത്ത് ഇരുന്നതുകൊണ്ടായിരിക്കാം, അങ്ങ് കേട്ടില്ല. അദ്ദേഹം പറഞ്ഞത് ശ്രീ. വി. ശശിയെ പ്രതിപക്ഷം ********* എന്നാണ്. ....(ബഹളം) .... ഞങ്ങളെ ആക്ഷേപിക്കുകയല്ലേ ചെയ്തത്? അതാണ് ഞാൻ ചൂണ്ടിക്കാണിച്ചത്.

മി. സ്പീക്കർ : ഞാനൊന്നു പറയട്ടെ, ഒരു മിനിട്ട്, അങ്ങ് ഇരിക്കൂ.

മി. സ്പീക്കർ : ഞാൻ, അങ്ങയെ വളരെ ബഹുമാനിക്കുന്ന ഒരാളാണ്. വെറുതെ പറയുന്നതല്ല. ബഹുമാനം അഭിനയിക്കുകയല്ല, ബഹുമാനമുണ്ട്. പക്ഷേ ശ്രീ. വി. ശശി. തന്ന സബ്മിഷൻ ഇന്നലെ സ്പീക്കറുടെ സെക്രട്ടേറിയറ്റ് ഇന്നത്തേയ്ക്ക് പോസ്റ്റ് ചെയ്തു. രാത്രിയിൽ വന്ന് അത് പിൻവലിക്കുകയാണ് ചെയ്തത്. അത് അങ്ങേയ്ക്കറിയാമോ? .....(ബഹളം) .......നോ.... നോ.......അത് പിൻവലിച്ചു.

ശ്രീ. സി. ദിവാകരൻ: സർ, പ്രശ്നം അതല്ല. എം.എൽ.എ.യെ ********[6] എന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറഞ്ഞു. തെരഞ്ഞെടുക്കപ്പെട്ട ഒരു മെമ്പറെക്കുറിച്ച് ഈ സഭയിൽ ആക്ഷേപമുന്നയിച്ചു.

മി. സ്പീക്കർ ; നോ... നോ..(ബഹളം).......... ശ്രീ. സി. ദിവാകരൻ, അത് ശരിയല്ല, അങ്ങനെ പറയുന്നത് ശരിയല്ല ...(ബഹളം)....... ബഹുമാനപ്പെട്ട

---

[6] ******** പിൻവലിച്ചു.

ആഭ്യന്തരമന്ത്രി, അങ്ങ് അങ്ങനെ പറഞ്ഞോ? അങ്ങ് ഏതെങ്കിലും എം.എൽ.എ.യെ ആക്ഷേപിച്ചോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :സർ, എം.എൽ.എ.യെ ******* എന്നു ഞാൻ പറഞ്ഞത്..........., രേഖ പരിശോധിച്ച് അങ്ങനെ ഞാൻ പറഞ്ഞിട്ടുണ്ടെങ്കിൽ പിൻവലിക്കാം. രേഖ പരിശോധിക്കട്ടെ. ഞാൻ അങ്ങനെ പറഞ്ഞുവോ എന്ന് രേഖ എടുത്തുകൊണ്ടുവന്ന് സ്പീക്കർ പരിശോധിച്ചോളൂ..... (ബഹളം)........ സ്പീക്കർ പരിശോധിച്ചോളൂ. ആ രേഖ യ്ക്കകത്തുണ്ടെങ്കിൽ ഞാൻ പിൻവലിക്കാം. ഇല്ലാത്ത രേഖ ഞാൻ എങ്ങനെ യാണ് പിൻവലിക്കുന്നത്? ഇല്ലാത്ത കാര്യം എനിക്ക് പിൻവലിക്കാൻ സാധി ക്കുമോ?

ശ്രീ. സി. ദിവാകരൻ : അത് എല്ലാ അംഗങ്ങളും കേട്ടുകെണ്ടിരിക്കു കയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : രേഖ പരിശോധിച്ചുകൊള്ളട്ടെ. രേഖയുണ്ടല്ലോ? ഇവിടെ ഓഡിയോ ഉണ്ട്, വീഡിയോ ഉണ്ട്, അതാത് സമയം എഴുതുന്ന രേഖയുണ്ട്. ആ രേഖ പരിശോധിച്ചോട്ടെ. ഞാൻ അങ്ങനെ പറഞ്ഞു എന്ന് രേഖയ്ക്കകത്തുണ്ടോ എന്ന് പരിശോധിക്കട്ടെ..... ....(ബഹളം).......

മി. സ്പീക്കർ : ഒരു മിനിട്ട്......, ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി, പ്ലീസ്.... ആഭ്യന്തരമന്ത്രി ഒരു എം.എൽ.എ.യ്ക്കെതിരെ ആക്ഷേപകരമായി അപമാനക രമായി പറഞ്ഞിട്ടുണ്ടോയെന്ന് രേഖ പരിശോധിക്കും. പരിശോധിച്ചാൽ അത നുസരിച്ചുള്ള നടപടിയുണ്ടാകും. അതിനനുസരിച്ച് അദ്ദേഹം പറയുകയും ചെയ്യും. ഇത് തീർന്നല്ലോ. രണ്ടാമത്, പ്രതിപക്ഷത്തെ ആക്ഷപിക്കുന്നതിന് ചെയർ കൂട്ടുനിൽക്കുന്നു എന്നു ഇവിടെ വളരെപ്പേർ പറഞ്ഞു. ഇതൊക്കെ

വളരെ ദു:ഖകരമായ കാര്യമാണ്. ഓരോന്നും എടുത്തുകാണിക്കേണ്ടെന്നു കരുതിയിട്ടാണ്. കാര്യം അറിയാതെ അങ്ങനെയൊന്നും പറയരുത്. ഇത് ഇന്നത്തേയ്ക്ക് പോസ്റ്റ് ചെയ്തിരിക്കുന്ന ലിസ്റ്റാണ്. (ലിസ്റ്റ് ഉയർത്തിക്കാട്ടി) ഇതിൽ ആദ്യത്തേത് ശ്രീ. വി. ശശി, കഠിനംകുളം പോലീസ് സ്റ്റേഷൻ അതിർത്തിയിലെ വെട്ടുതുറ സ്വദേശി ആൽഡൺ ആന്റണിയുടെ കൊലപാതകം സംബന്ധിച്ച് ആഭ്യന്തരവിജിലൻസ് വകുപ്പു മന്ത്രി ...........(ബഹളം)....... പ്ലീസ്, പ്ലീസ്... നിങ്ങൾ എന്റെ അവസ്ഥ മനസ്സിലാക്കണം. ശ്രീ. വി. ശശി ഇരിക്കൂ, പ്ലീസ്..... റീസന്റ് ഒക്കറൻസ് അനുസരിച്ചുള്ള വിഷയങ്ങൾ അടിയന്തര പ്രമേയത്തിന് അവതരിപ്പിക്കാം എന്നുള്ളതാണ് ചട്ടം. അതാണ് ആഭ്യന്തര മന്ത്രി ഇവിടെ ക്വാട്ട് ചെയ്തത്. ചില സന്ദർഭങ്ങളിൽ, ചില കാര്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യാറുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അത് മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് ഈ അടിയന്തരപ്രമേയം ഇവിടെ അനുവദിച്ചതും മറുപടി പറയാൻ അദ്ദേഹം തയ്യാറായതും. എന്നിട്ടും അതിൽ എന്താണ് ആക്ഷേപം? അതിനകത്ത് എന്ത് ആക്ഷപമാണുള്ളത്?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇവിടെ ഇതുസംബന്ധിച്ച് രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ പറഞ്ഞു. ഒന്ന്, കേസ് വളരെ ശക്തമായിട്ട് കൊണ്ടുപോകണം, കേസ് വളരെ ശക്തമായി മുന്നോട്ട് കൊണ്ടുപോകും. നാല് പ്രതികളെ അറസ്റ്റുചെയ്തിട്ടുണ്ട്. അതിനുപുറമെ മറ്റ് നടപടികളും സ്വീകരിച്ചിട്ടുണ്ട്. അവിടെ ആവശ്യമായ പോലീസിനെ വിന്യസിച്ചിട്ടുണ്ട്. അക്രമം ഉണ്ടാകാതിരിക്കുന്നതിനുള്ള മുൻകരുതൽ സ്വീകരിച്ചിട്ടുണ്ട്. കോമ്പൻസേഷനെക്കുറിച്ചുള്ളതാണ് രണ്ടാമത്തെ കാര്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ക്യാബിനറ്റുംകൂടി തീരുമാനമെടുക്കേണ്ട വിഷയമാണ്. അത് ആലോചിച്ച് അഭിപ്രായം പറയുന്നതാണ്. അവിടെ അക്രമം അവസാനിപ്പി

ക്കുന്നതിനുവേണ്ടി എല്ലാവരും ഒരുമിച്ച് നില്ക്കണം. ഈ സഭയുടെ സെൻസ് നേരത്തെ പറഞ്ഞു. കഠിനംകുളത്തിന്റെ മറ ഉപയോഗിച്ച് വേറെ ചില കാര്യങ്ങൾകൂടി പറഞ്ഞതുകൊണ്ട് ഒരു വാക്ക് കൂടി പറയാൻ അങ്ങ് എന്നെ അനുവദിക്കണം. ഈ അടുത്ത കാലത്തുനടന്ന സൗമ്യ വധക്കേസ്, സ്മിത വധക്കേസ്, അനിത വധക്കേസ്, ആര്യ വധക്കേസ് തുടങ്ങിയവയിലെ പ്രതികൾക്ക് വധശിക്ഷ ലഭിച്ചില്ലേ? ശ്രീ കോലിയക്കോട് എൻ. കൃഷ്ണൻ നായർ ഉൾപ്പെടെ ഞങ്ങളെല്ലാവരേയും ഒരുമിച്ചുവിളിച്ച് ആര്യ പഠിച്ചിരുന്ന സ്കൂളിലെ കുട്ടികൾ സ്വീകരിച്ചില്ലേ? എന്റെ ഏറ്റവും വലിയ സാക്ഷിപത്രം ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അവിടെ നടത്തിയ പ്രസംഗ മാണ്. അതൊന്നും ഒരു ഗവൺമെന്റിന്റെ വലിയ നേട്ടമാണ് എന്നൊന്നും ഞാൻ പറയുന്നില്ല. കേരള ജനസമൂഹത്തിന് വേണ്ടത് എന്താണ്? ഈ അക്രമം അവസാനിപ്പിക്കണം കൊടിയ ഗുണ്ടകൾ വാഴരുത്, അവർക്കെതിരെ നടപടി വേണം. കൊലപാതകം ഇല്ലാതാക്കണം. മാതൃകാപരമായ ശിക്ഷണ നടപടികളുണ്ടാകണം. അതിന് നമുക്കൊരുമിച്ച് നില്ക്കുകയല്ലേ വേണ്ടത്. കിട്ടിയ ആയുധമെടുത്ത് ഭരണകക്ഷിയെ അടിക്കുന്നു എന്നുള്ള ആശ്വാസ ത്തോടുകൂടി പെരുമാറിയാൽ കൊലയാളികൾ തേർവാഴ്ച നടത്തുന്ന സാഹചര്യമുണ്ടാകും. അതുണ്ടാകരുത്. അതുണ്ടാകാതിരിക്കുന്നതിന് ഒരുമി ച്ചുള്ള ഒരു സമീപനമല്ലേ വേണ്ടത്. ആ സമീപനമുണ്ടാക്കുന്നതിന് എല്ലാ വർക്കും ഒരുപോലെ ബാധ്യതയുണ്ട്. ഈ ഗവൺമെന്റ് ചെയ്യാവുന്ന കാര്യ ങ്ങളൊക്കെ ചെയ്യുന്നുണ്ട്. ഇവിടെ നേരത്തെ കുറെ കാര്യങ്ങൾ പറഞ്ഞതു കൊണ്ട് ഒരു വാക്കുകൂടി പറയാം, രാഷ്ട്രീയ കൊലപാതകം – എൽ.ഡി.എ ഫ്–ന്റെ കാലഘട്ടത്തിലെ ആദ്യത്തെ രണ്ട്കൊല്ലക്കാലത്തേക്കാൾ രാഷ്ട്രീയ കൊലപാതകങ്ങളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. ഞാൻ അവരെ കുറ്റപ്പെടുത്തു

കയല്ല. രാഷ്ട്രീയ കൊലപാതകം അന്നുണ്ടായിരുന്ന ഗവൺമെന്റ് നടത്തുന്നതാണെന്നുള്ള അഭിപ്രായം എനിക്കില്ല. പക്ഷെ രാഷ്ട്രീയ കൊലപാതകങ്ങളുടെ തോത് കുറയുന്നു എന്നുള്ളത് ശുഭോദർക്കമല്ലേ; നമ്മൾ ഒരുമിച്ച് അതിനെക്കുറിച്ച് സന്തോഷിക്കണ്ടേ? 2010-ൽ 1498 കേസ്സുകൾ ഉണ്ടായിട്ടുണ്ട്. അത് അന്നത്തെ ഗവൺമെന്റിന്റെ കുറ്റമാണെന്ന് എനിക്ക് അഭിപ്രായമില്ല. പക്ഷെ ഇപ്പോൾ തോതിൽ വലിയ വ്യത്യാസങ്ങളില്ലാതെ പിടിച്ചുനില്ക്കാൻ കഴിയുന്നുണ്ട്. കേരളത്തിൽ ജനങ്ങൾക്ക് ശാന്തതയുണ്ടാകണം. അതാണ് നമ്മളുടെ ഏറ്റവും prime theme. അതിനുവേണ്ടിയുള്ള പരിശ്രമങ്ങളാണ് നടത്തേണ്ടത്. ആ പരിശ്രമങ്ങളുടെ മധ്യത്തിൽ ഇതുപോലുള്ള ദൗർഭാഗ്യകരമായ പരാമർശം ഉണ്ടാകാൻ പാടില്ലായിരുന്നു എന്നുതന്നെയാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ഗവൺമെന്റിന് ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ശക്തമായി ചെയ്യും. അതിനോട് സഹകരിക്കാൻ ശ്രമിക്കണം. അങ്ങനെ കേരളത്തിലെ നിയമസമാധാന പാലനം ശരി എന്നുവന്നാൽ ഗവൺമെന്റിന്റെ തൊപ്പിയിൽ ഒരു തൂവൽ കൂടും എന്നുള്ള പക്ഷമൊന്നും ഞങ്ങൾക്കില്ല. അത് കേരളത്തിലെ ജനങ്ങളുടെ തൊപ്പിയിലെ ഒരു തൂവലാണ്. ആ രൂപത്തിലാണ് ഞങ്ങളതിനെ കാണുന്നത്. അതുകൊണ്ട് അതിനോടുകൂടി സഹകരിക്കണം എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. ശ്രീ. മാത്യു റ്റി. തോമസ് വ്യക്തിപരമായ ഒരു കാര്യംകൂടി പറഞ്ഞു. അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട ഒരാളിന് മർദ്ദനമേറ്റതിനെക്കുറിച്ച് അന്വേഷണിക്കണമെന്ന് അദ്ദേഹവും, ശ്രീ. ജോസ് തെറ്റയിലുംകൂടി ഒരുമിച്ചുവന്ന് എന്നോട് സംസാരിച്ചിരുന്നു. അതിന് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. കഠിനംകുളവുമായി ബന്ധപ്പെടുത്തി വടക്കെ മലബാറുവരെ പോകണ്ടായി

രുന്നു. എങ്കിലും ഗവൺമെന്റിന് ഇക്കാര്യത്തിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമേയില്ല. നമ്മൾ നീതിയുടെ ഭാഗത്താണ്. നീതിക്കുവേണ്ടി നമ്മൾ നിലയുറപ്പിക്കും. നീതികേട് കാണിക്കുന്നവർ നമ്മളെ ചിലപ്പോൾ ആക്ഷേപിച്ചെന്നിരിക്കും. അതിൽ പരാതിയില്ല. അതുകൊണ്ട് നീതിക്കുവേണ്ടി നമുക്കൊരുമിക്കാം. അതിനുവേണ്ടി എല്ലാവരും സഹകരിക്കണം. ഇത് സഭ നിർത്തിവെച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

<u>മി. സ്പീക്കർ</u>: മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് ( <u>ശ്രീ. വി.എസ്. അച്ചുതാനന്ദൻ</u>): സർ, ആഭ്യന്തര വകുപ്പുമന്ത്രി ഈ അടിയന്തരപ്രമേയത്തെ വളരെ നിർഭാഗ്യകരമായ രീതിയിലാണ് സമീപിച്ചത്. എന്തെന്നാൽ പോലീസ് നോക്കിനിൽക്കെ, സമാധാനം പാലിക്കാൻവേണ്ടി ഇടപെട്ട സാമൂഹ്യ പ്രവർത്തകനായ ആൾഡൻ ആന്റണി കൊലചെയ്യപ്പെട്ടു. മണിയൻ പിള്ള എന്ന സബ് ഇൻസ്പെക്ടറാണ് ചുമതല നിറവേറ്റിയതിന്റെ പേരിൽ കൊലചെയ്യപ്പെട്ടത്. ആട് ആന്റണി എന്ന് അറിയപ്പെടുന്ന ആളാണ് കൊല നടത്തിയത്. അന്തസ്സായി ചുമതല നിറവേറ്റുന്ന പോലീസ് ഉദ്യോഗസ്ഥന്മാരുമുണ്ട്. അതേസമയം പോലീസ് കാഴ്ചക്കാരായി നിന്ന്, സമാധാന പാലനത്തിനുവേണ്ടി വന്ന ആളുകൾ മരണപ്പെടാനിടയായി എന്നുള്ള കാര്യവും, സ്വന്തം വകുപ്പിലെ ഇത്തരം വൈകൃതങ്ങളെപ്പറ്റി മനസ്സിലാക്കുന്നതിനുപകരം അടിയന്തരപ്രമേയം അവതരിപ്പിക്കുന്ന പ്രതിപക്ഷത്തെ ആക്ഷേപിക്കുന്ന തരത്തിലുള്ള സമീപനമാണ് ആഭ്യന്തര വകുപ്പുമന്ത്രി സ്വീകരിച്ചത്. ഈ നാട്ടിൽ അക്രമം നടക്കുന്നതിനെയും ആളുകളെ കൊലപ്പെടുത്തുന്നതുമൊക്കെ കണ്ട് പ്രതിപക്ഷം സന്തോഷിക്കുന്നു എന്നുള്ള നില

യിലാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പ്രശ്നത്തെ സമീപിക്കുന്നത്. വളരെ ഗതികെട്ട ഒരു സമീപനം പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. ധീരമായി ഇടപെട്ട് ജീവൻ പണയപ്പെടുത്തിക്കൊണ്ട് പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കുന്ന ചുരുക്കം ചിലരെങ്കിലുമുണ്ട്. അതുപോലെ പോലീസിനെക്കാൾ സമർത്ഥമായി കാര്യങ്ങൾ ചെയ്യാൻവേണ്ടി ഗവൺമെന്റ് ചുമതലപ്പെടുത്തുന്ന വിജിലൻസിന്റെ കയ്യിൽനിന്ന് സി.ബി.ഐ രേഖകൾ പിടിച്ചെടുക്കുന്നു. എതിരാളികൾക്കുള്ള രേഖ കൊടുക്കുന്നത് ആരാണ്; വിജിലൻസ്. ഇത്തരം കാര്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുകയാണ്. അപ്പോൾ ആ കാര്യങ്ങളെല്ലാം സ്വയം പരിശോധിച്ച് തിരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുപകരം അടിയന്തര പ്രമേയം അവതരിപ്പിക്കുമ്പോൾ അതിന്റെ പ്രാധാന്യം മനസ്സിലാക്കി ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് പറയുന്നതിനുപകരം പ്രതിപക്ഷത്തെ ആക്ഷേപിച്ച് അടിയന്തരപ്രമേയം കൊണ്ടുവന്നത് മോശമായ കാര്യമാണെന്ന് വരുത്തിത്തീർക്കാനാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ശ്രമിച്ചിരിക്കുന്നത്. അത് യാതൊരുകാരണവശാലും അംഗീകരിക്കാൻ കഴിയാത്തതിനാൽ ഞാനും എന്റെ പാർട്ടിയും ഇതിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നു.

(പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി അടിയന്തരപ്രമേയത്തിന് മറുപടി പറയവെ ഇതുമായി ബന്ധപ്പെടാത്ത കാര്യങ്ങളാണ് അദ്ദേഹം ഇവിടെ പറഞ്ഞത്. സി.പി.ഐ (എം)-ലെ ശ്രീ. വി. ശശിയോട് അങ്ങേയ്ക്ക് ഇത്രയും വലിയ അനുകമ്പയുണ്ടായിരുന്നെങ്കിൽ

അദ്ദേഹം സബ്മിഷൻ നല്കിയപ്പോൾ അനുവദിക്കാമായിരുന്നു. സബ്മിഷൻ നല്കിയ സമയത്ത് അനുവദിച്ചില്ല.......

<u>മി. സ്പീക്കർ</u>: ശ്രീ. സി. ദിവാകരൻ, ഞാൻ ഇടപെടുകയല്ല. അങ്ങ് പറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്. സബ്മിഷൻ അനുവദിക്കുന്നത് സ്പീക്കറുടെ ഓഫീസാണ്. അതിൽ ആഭ്യന്തര വകുപ്പുമന്ത്രിക്ക് പങ്കില്ല. ആഭ്യന്തര വകുപ്പുമന്ത്രിക്ക് മാർക്ക് ചെയ്യുകയേയുള്ളൂ. ശ്രീ. സി. ദിവാകരൻ, ഈ വിഷയം 18-ാം തീയതിയാണ് ശ്രീ. വി. ശശി കൊണ്ടുവരുന്നത്. രണ്ട് ദിവസം മുമ്പുതന്നെ സബ്മിഷനുകൾ പോസ്റ്റ് ചെയ്ത് കഴിയും. ഇന്ന് തീയതി 21 അല്ലേ ആയുള്ളൂ. 18-ാം തീയതി സബ്മിഷൻ തന്നാൽ, 19-നും 20-നുമൊക്കെയുള്ള സബ്മിഷനുകൾ വളരെ നേരത്തെ പോസ്റ്റ് ചെയ്തു കഴിഞ്ഞു. നേരത്തെ പോസ്റ്റ് ചെയ്ത ലിസ്റ്റാണിത്. അതുകൊണ്ടാണ്. അതിൽ ആഭ്യന്തര വകുപ്പുമന്ത്രിക്ക് കാര്യമില്ല.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ബഹുമാനപ്പെട്ട ചെയർ ക്ഷമിക്കണം. മണ്ഡലത്തിൽ ഒരു സംഭവം നടന്നാൽ എം.എൽ.എ പോയി വിശദാംശങ്ങളെല്ലാം തിരക്കി സത്യസന്ധമായ വസ്തുതയുടെ അടിസ്ഥാനത്തിൽ മാത്രമേ ഒരു സബ്മിഷൻ നല്കാൻ കഴിയൂ. അതുകൊണ്ട് മരിച്ച ഉടനെ ചൂടാറാതെ ഒരു സബ്മിഷൻ കൊണ്ടുവന്നാൽ മാത്രമേ അനുവദിക്കൂ എന്നുപറയുന്നത് ശരിയല്ല. രണ്ടാമത്തെ കാര്യം, സബ്മിഷൻ കൃത്യസമയത്ത് കിട്ടാത്തതുകൊണ്ട് പ്രതിപക്ഷത്തിന്റെ അവകാശമാണ് സബ്മിഷൻ വേണമോ അടിയന്തരപ്രമേയം കൊണ്ടുവരണമോ എന്നുള്ളത്. നിങ്ങൾ പറയുമ്പോൾ സബ്മിഷനാക്കാനും നിങ്ങൾ പറയുമ്പോൾ അടിയന്തരപ്രമേയമാക്കാനും സാധ്യമല്ല. ജനാധിപത്യത്തിൽ ഞങ്ങൾക്കുള്ള അവകാശങ്ങൾ വിനിയോഗിക്കുന്നതിനെ

അപഹാസ്യമാക്കി, കളിയാക്കി, എന്തുകൊണ്ട് എം.എൽ.എ-യെ തഴഞ്ഞു എന്ന അങ്ങയുടെ ആ പ്രയോഗം...... ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രീ ഞാൻ കേട്ടുകൊണ്ടിരിക്കുകയാണ്.............

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഇങ്ങനെ ഒരഭിപ്രായം പറഞ്ഞതുകൊണ്ടാണ് ഞാൻ ഇക്കാര്യം പറയുന്നത്. ഞാൻ അങ്ങനെ ഒരു വാക്ക് പറഞ്ഞിട്ടില്ല. പറഞ്ഞിട്ടുണ്ടോ എന്ന് രേഖ പരിശോധിച്ചോട്ടെ. ഞാനങ്ങനെ ഒരു വാക്ക് പറഞ്ഞിട്ടില്ല. രണ്ട് കാര്യങ്ങൾകൊണ്ട് ഞാനങ്ങനെ പറയില്ല. ഒന്ന് ശശിയുമായിട്ടുള്ള എന്റെ അടുപ്പം. രണ്ട്, കയ്യിൽ കിട്ടിയ രേഖ യുടെ കാര്യമേ ഞാൻ പറഞ്ഞിട്ടുള്ളൂ. ഞാൻ പറഞ്ഞിട്ടില്ല.

ശ്രീ. സി. ദിവാകരൻ: അദ്ദേഹം പറഞ്ഞില്ലെങ്കിൽ, എന്റെ ചെവിക്ക് എന്തെങ്കിലും കുഴപ്പം കാണും. ഞാൻ അത് പരിശോധിക്കാം. തിരുവനന്ത പുരം ജില്ലയിൽ കൊലപാതകങ്ങൾ ഇഷ്ടം പോലെ നടക്കുകയാണ്, പ്രതി കളെ പിടിക്കുന്നില്ല. കൊല്ലത്തും കൊലപാതകങ്ങൾ നടക്കുകയാണ്, പ്രതി കൾ രക്ഷപ്പെടുകയാണ്. അങ്ങയുടെ വകുപ്പിലെ ഉദ്യോഗസ്ഥർ പറഞ്ഞത് കേരളത്തിലെ പല പ്രദേശങ്ങളിലും മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യമുണ്ടെ ന്നാണ്, ജനങ്ങൾ അമ്പരന്നിരിക്കുകയാണ്. അങ്ങയുടെതന്നെ ഡിപ്പാർട്ടു മെന്റ് പറയുന്നത് ക്രിമിനലുകളായിട്ടുള്ള ആളുകൾ പോലീസ് ഡിപ്പാർട്ടു മെന്റിൽ വാഴുകയാണ്, അങ്ങയുടെ ക്യാബിനറ്റ് വിജിലൻസ് കേസിലെ പ്രതികളെ ഐ.പി.എസ്-ന് വേണ്ടി ശുപാർശ ചെയ്തിട്ടുണ്ട് എന്നാണ്. ഇതൊരു കുത്തഴിഞ്ഞ രീതിയിലാണ് നടക്കുന്നത്. ധീരമായി പോലീസിന്റെ കൃത്യനിർവ്വഹണത്തിന് മുന്നോട്ടുവരുന്ന പോലീസ് ഉദ്യോഗസ്ഥരെ പ്രോത്സാ ഹിപ്പിക്കണം. ചാത്തന്നൂരിൽ നടന്ന സംഭവത്തിൽ സംഭവിച്ചത് എന്താണ്?

ധീരമായി നടപടിയെടുക്കാൻ വന്നവൻ കൊല്ലപ്പെട്ടു, പ്രതിയായ ആട് ആന്റ ണിയെ ഇപ്പോഴും കാണാനില്ല, പിടിക്കുന്നില്ല. ഇതാണ് കേരളത്തിലെ പോലീസിന്റെ മുന്നിലുള്ളത്. ഒരു എസ്.ഐ.-യെ പരസ്യമായി കൊലചെ യ്തിട്ടും അതിലെ പ്രതിയെ പിടിക്കാൻ കഴിയുന്നില്ല. ഇതുതന്നെയാണ് ശ്രീ. വി. ശശിയുടെ മണ്ഡലത്തിലും ആവർത്തിച്ചത്. അങ്ങേയ്ക്ക് ശ്രീ. വി. ശശി യോട് പ്രത്യേക താൽപ്പര്യമുണ്ടെന്ന് പറഞ്ഞു. ശ്രീ. വി. ശശി പറഞ്ഞു, സി. ഐ. വന്നയുടനെ പറഞ്ഞു അവന്മാരെ അടിച്ച് തീർക്കണ്ട. ആ സി. ഐ.-യുടെ പേരിൽ ഒരു എം.എൽ.എ. നിയമസഭയിൽ ഒരു സ്റ്റേറ്റ്മെന്റ് നട ത്തിയാൽ പ്രഥമദൃഷ്ടിയാൽ അത് വിശ്വാസത്തിലെടുക്കാൻ അങ്ങേയ്ക്ക് ബാധ്യതയില്ലേ? ഞങ്ങൾ അങ്ങയുടെ സഹപ്രവർത്തകരല്ലേ? ഞങ്ങളെ അവിശ്വസിക്കേണ്ട എന്തെങ്കിലും കാര്യമുണ്ടോ? നമ്മൾ നല്ല സുഹൃത്തുക്ക ളല്ലേ? അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട എം.എൽ.എ. വി. ശശി പറഞ്ഞ തിന്റെ അടിസ്ഥാനത്തിൽ കഴക്കൂട്ടം സി.ഐ. -യെ മാറ്റണം. നിങ്ങളതിൽ മിനിമം ഒരു നടപടിയെങ്കിലുമെടുക്കുമോ? അത് നിങ്ങൾ ചെയ്തില്ല. അവിടെ പോലീസ് നിഷ്ക്രിയമായിരുന്നു. പല രംഗങ്ങളിലും പോലീസ് കാഴ്ച്ചക്കാ രായിരുന്നു. പോലീസ് ആക്ട് ചെയ്യുന്നില്ല. പോലീസ് ആക്ട് ചെയ്യണം. ഒരു പ്രതിയെയും രക്ഷിക്കാൻ വേണ്ടി ഞങ്ങളാരും ഇടപെടുന്നില്ല. എന്തുകൊ ണ്ടാണ് അങ്ങ് ഈ കാര്യത്തിൽ കുറ്റവാളികളെ കർക്കശമായി കൈകാര്യം ചെയ്യാനുള്ള നടപടിയെടുക്കാത്തത്; ആരെയാണ് ഭയക്കുന്നത്; ഇത് നഗ്നമായ കൊലപാതകമല്ലേ; ഞങ്ങൾക്ക് നാട്ടിലിറങ്ങി നടക്കണ്ടേ? സി.പി.ഐ. പ്രവർത്തകൻ പത്തനംതിട്ടയിൽ പോലീസിന്റെ പീഡനംമൂലം മൂന്നാം ദിവസം തൂങ്ങി ചത്തു. ഞാൻ സഭയിൽ ഉന്നയിച്ച കാര്യമാണ്. സി.പി. ഐ.-കാരൻ വീണ്ടും കൊല്ലപ്പെടുകയാണ്. ഞങ്ങൾ പ്രതിപക്ഷത്തുള്ള

വരല്ലേ? കോൺഗ്രസ്സുകാർ എന്തുകൊണ്ട് കൊല്ലപ്പെടുന്നില്ല? അപ്പോൾ നിങ്ങൾക്ക് മാത്രമാണോ പോലീസിന്റെ സംരക്ഷണം? ഞങ്ങൾക്ക് പോലീസ് സംരക്ഷണം വേണ്ടേ? അതുകൊണ്ട് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, അങ്ങ് നല്ല സമർത്ഥനാണ്. എല്ലാകാര്യങ്ങളും പറഞ്ഞ് വെള്ളത്തിലാക്കാൻ അറിയാം. നിങ്ങൾ ഈ പറഞ്ഞ കൂട്ടത്തിൽ എം.എൽ.എ.–മാരെ നിങ്ങൾ ആക്ഷേപിച്ചു. എന്നെയും നിങ്ങൾ ആക്ഷേപിച്ചു. അതിലൊന്നും കുഴപ്പമില്ല. പക്ഷേ മന്ത്രിമാർ കുറേക്കൂടി സൗഹാർദ്ദമായി ഞങ്ങളോട് സംസാരിക്കണം. ഞങ്ങളെ അപഹാസ്യമാക്കി സംസാരിക്കരുത്. ഞങ്ങൾ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടവരാണ്. കഷ്ടകാലത്തിന് മന്ത്രിയായില്ലെന്നേയുള്ളൂ. വേറെ ഒരു കുറവും നിങ്ങളും ഞങ്ങളുമായി ഇല്ല. നിങ്ങൾ ചില വാക്കുകൾ പറയുന്നത് പലപ്പോഴും ഇവിടെ ആവർത്തിക്കുകയാണ്. നിങ്ങളുടെ മുഖ്യമന്ത്രി ശ്രീ. വി.എസ്. സുനിൽ കുമാറിനെക്കുറിച്ച് പറഞ്ഞു. ഇന്ന് നിങ്ങൾ ശ്രീ. വി. ശശിയെക്കുറിച്ച് പറഞ്ഞു. പ്രതിപക്ഷ എം.എൽ.എ.–മാരെ എന്തും പറയാമെന്നാണോ? ഇതാണോ ജനാധിപത്യത്തിന്റെ പാരമ്പര്യം? ഞങ്ങൾ ഇത് ഉന്നയിക്കണ്ടേ? ഒരു കൊലപാതകം നടന്നാൽ ആ മണ്ഡലത്തിലെ എം.എൽ.എ. –യ്ക്ക് ഉന്നയിക്കണ്ടേ? ഇരട്ടകൊലപാതകം നടന്ന മണ്ഡലവുമുണ്ടല്ലോ? ഞങ്ങൾ ആ കാര്യങ്ങൾ ഉന്നയിച്ചല്ലോ? ഞങ്ങൾ ഉന്നയിക്കും. ഞങ്ങളുടെ ഭാഷ പ്രതിപക്ഷത്തിന്റെ ഭാഷയായിരിക്കും. നിങ്ങളും ഇപ്പുറത്തിരുന്നില്ലേ; അപ്പോൾ നല്ല ഭാഷയായിരുന്നോ; നന്നായിട്ട് പറഞ്ഞില്ലേ; ഞങ്ങളെല്ലാം കേട്ടുകൊണ്ടിരുന്നില്ലേ? നിങ്ങളിൽ ഒരാളിനെപ്പോലും പേര് എടുത്തുപറഞ്ഞ് അപ്പുറത്തിരുന്നപ്പോൾ ഞങ്ങൾ ആക്ഷേപിച്ചിട്ടില്ല. ഇപ്പോഴും നമ്മൾ ആ പാരമ്പര്യം കാത്തുസൂക്ഷിക്കുന്നുണ്ട്. ഞങ്ങളുടെ സംസ്കാരവും രാഷ്ട്രീയവും വേറെയാണ്. വ്യക്തിപരമായി ഞങ്ങൾ ആക്ഷേപിക്കില്ല. ഇതെല്ലാം നയപര

മായ കാര്യമാണ്. കേരളത്തിന്റെ ആഭ്യന്തര രംഗത്ത് നിങ്ങൾ എടുക്കേണ്ട ചില നടപടികളാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെക്കുറിച്ചല്ല, ആഭ്യന്തര മന്ത്രിയെക്കുറിച്ചാണ് പറയുന്നത്. നിങ്ങൾ അത് ഉൾക്കൊള്ളണം. പക്ഷേ നിങ്ങൾ അത് ചെയ്യുന്നില്ല. നിങ്ങളുടെ മറുപടി നിർഭാഗ്യകരമാണ്. സഭ നിറുത്തിവച്ച് കേരളത്തിൽ ആകെയുള്ള ക്രമസമാധാന നിലയെക്കുറിച്ച് ഒരു ഓപ്പൺ ഡിബേറ്റിന് നിങ്ങൾക്ക് തയ്യാറുണ്ടോ? നിങ്ങൾ നാഷണൽ ക്രൈം ബ്യൂറോയുടെ റിപ്പോർട്ട് വായിച്ചോ? ഇന്ത്യയിൽ ബോംബെ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പിടിച്ചുപറിയും അക്രമവും കൊലപാതകവും നടക്കുന്നത് കൊച്ചിയിലാണെന്നാണ് ഇപ്പോൾ ഇറക്കിയ നാഷണൽ ക്രൈം ബ്യൂറോയുടെ റിപ്പോർട്ടിൽ പറയുന്നത്. നിങ്ങൾ അത് പറഞ്ഞില്ലല്ലോ? നിങ്ങൾ പറഞ്ഞത് എൽ.ഡി.എഫി-ന്റെ കാലത്തേക്കാൾ കൊലപാതകങ്ങൾ കുറവായിരുന്നു എന്നാണ്? അങ്ങനെ മത്സരിച്ചാൽ മതിയോ? അങ്ങനെ മത്സരിച്ചാൽ പോരല്ലോ? അതുകൊണ്ട് ദയവുചെയ്ത് ജനങ്ങളുടെ പ്രശ്നങ്ങൾ പറയുമ്പോൾ പറയുന്ന എം.എൽ.എ. മാരെ ആക്ഷേപിക്കാനും ഞങ്ങളുടെ ഇടയിൽ ഒരാളിനെ തഴഞ്ഞ് വേറൊരാളിനെ എടുത്തു, അങ്ങനെയൊന്നും പറയുന്നത് നല്ല രീതിയല്ല. അങ്ങനെയാണെങ്കിൽ ഞങ്ങൾക്ക് എന്തെല്ലാം പറയാം. ശ്രീ. ടി.എൻ. പ്രതാപന് എന്തുകൊണ്ടാണ് ഫ്രണ്ടിൽ സീറ്റ് കൊടുക്കാത്തത്? പ്രതാപൻ ചീഫ് വിപ്പല്ലേ. ഇപ്പോൾ ഇവിടെ രണ്ട് ചീഫ് വിപ്പ് ഇല്ലേ? ഞങ്ങൾ ആ കാര്യങ്ങളൊന്നും പറയുന്നില്ലല്ലോ? അത് നിങ്ങളുടെ ആഭ്യന്തരകാര്യമാണ്. ഞങ്ങൾക്കും ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. അതൊന്നും ഞങ്ങൾ പറയുന്നില്ല. അതുകൊണ്ട് സഭ നിറുത്തി വച്ച് കേരളത്തിലെ ക്രമസമാധാന നിലയെക്കുറിച്ച് സൗഹാർദ്ദപരമായ ഒരു ചർച്ച നടത്താൻ ബഹുമാനപ്പെട്ട

ആഭ്യന്തരവകുപ്പുമന്ത്രി തയ്യാറാകുമോ? തയ്യാറല്ല. അതുകൊണ്ട് അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

ശ്രീ. സി.കെ. നാണു: സർ, ശ്രീ. മാത്യു ടി. തോമസ് അടിയന്തരപ്രമേയ ത്തിന് സംസാരിച്ച അവസരത്തിൽ ശ്രീ. വി. ശശിയെ സംബന്ധിച്ച് സൂചി പ്പിച്ചു. ബഹുമാനപ്പെട്ട സ്പീക്കർ സംസാരിക്കാൻ അവസരം കൊടുത്തപ്പോൾ അവിടെ നടന്ന മൂന്ന് കൊലപാതകങ്ങളെക്കുറിച്ച് ശ്രീ. വി. ശശി പറഞ്ഞു. ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി മറുപടി പറയുമ്പോൾ കേരളത്തിലെ ചില പ്രശ്നങ്ങളെ സംബന്ധിച്ച് പറഞ്ഞു. എന്നാൽ ശ്രീ. വി. ശശി പറഞ്ഞ മൂന്ന് കൊലപാതകങ്ങളെ സംബന്ധിച്ച് അദ്ദേഹം മറുപടി പറഞ്ഞില്ല. നിയമ സഭയിൽ പ്രതിപക്ഷത്തിരിക്കുന്ന ഒരു കക്ഷിയുടെ നേതാവ് അടിയന്തര പ്രമേയം അവതരിപ്പിക്കുമ്പോൾ അത് ഗൗരവമുള്ളതാണ്. അതൊരു സാങ്കേ തിക പ്രശ്നമല്ല. അങ്ങനെ അവതരിപ്പിക്കുമ്പോൾ അതിനെ ആ രൂപത്തിൽ അഭിമുഖീകരിക്കാൻ സന്നദ്ധമാകണം. ഞാൻ കുറച്ചുകാലം എം.എൽ.എ. ആയിരുന്ന അവസരത്തിൽ കണ്ടതാണ്, പല ഘട്ടങ്ങളിലും പ്രതിപക്ഷത്തുള്ള വർ അടിയന്തരപ്രമേയം അവതരിപ്പിക്കുന്ന അവസരത്തിൽ ഗൗരവമായി പ്രശ്നങ്ങൾ പറയും. അതിനെ അഭിമുഖീകരിക്കേണ്ടതാണ്. കോഴിക്കോട് ജില്ലയിലെ ജനതാദളിന്റെ പ്രസിഡന്റിനെക്കുറിച്ച് മാതൃഭൂമി വിഷൻ പറഞ്ഞത്, രോഗിക്ക് വെട്ടേറ്റ് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൊണ്ടുപോയി എന്നാണ്. ഭാഗ്യത്തിനാണ് ആ രോഗി രക്ഷപ്പെട്ടത്. ആ പ്രശ്നത്തെ സംബന്ധിച്ചാണ് ശ്രീ. മാത്യു ടി. തോമസും ശ്രീ. ജോസ് തെറ്റ

യിൽ എം.എൽ.എ. മാർ ആഭ്യന്തരവകുപ്പുമന്ത്രിയുടെ മുമ്പാകെ വസ്തുതകൾ പറഞ്ഞത്. നമ്മുടെ നാട്ടിലെ ക്രമസമാധാന നില നിയന്ത്രിക്കുന്നതിന്റെ പ്രധാനപ്പെട്ട ഉത്തരവാദിത്വം സംസ്ഥാനത്തിന്റെ ആഭ്യന്തരവകുപ്പുമന്ത്രിക്കാണ്. ഒരു ഗൗരവമായ പ്രശ്നമുണ്ടായാൽ ആ പ്രശ്നത്തിന് നിയമപരമായ നടപടികൾ സ്വീകരിക്കാൻ താമസം വരുത്തിയാൽ, നമ്മുടെ നാട്ടിൽ വീണ്ടും അക്രമങ്ങളുണ്ടാകുന്നതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ക്രമസമാധാനപാലനത്തിന്റെ ചുമതലയുള്ള മന്ത്രിക്ക്  മാറാൻ സാധിക്കില്ല. നമ്മുടെ നാട്ടിൽ പല സംഭവങ്ങളും ഉണ്ടാകും. അതിനെ നേരിടാനുള്ള നടപടികൾ ആഭ്യന്തരവകുപ്പുമന്ത്രി സ്വീകരിക്കണം. അതുകൊണ്ട് അത്തരം കാര്യങ്ങൾ ഗൗരവമായി ശ്രദ്ധിക്കേണ്ടതാണ്. ഞാൻ ആക്ഷേപിക്കുന്നില്ല. ഉത്തരവാദപ്പെട്ട മന്ത്രിമാർ മണ്ഡലങ്ങളിൽ വരുമ്പോൾ അവിടെ ഒരു നടപടി നടക്കുമ്പോൾ നമ്മളെല്ലാവരും മന്ത്രിമാരെ ബഹുമാനിച്ചുകൊണ്ടും അവരുടെ കഴിവുകൾ പുകഴ്ത്തിക്കൊണ്ടുമാണ് സംസാരിക്കുന്നത്. അതുകൊണ്ട് ഈ കാര്യത്തെ സംബന്ധിച്ച് ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്ക് ഔട്ട് നടത്തുന്നു.

(ശ്രീ. സി. കെ. നാണുവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. എ.എ. അസീസ്: സർ, സംഘർഷവേളയിൽ മധ്യസ്ഥം വഹിക്കാൻ ചെന്ന എം.ബി.എ. ബിരുദധാരിയും സാമൂഹ്യ പ്രവർത്തകനുമായ ആൾഡൻ ആന്റണിയെ മർദ്ദിക്കുകയും കൊലപ്പെടുത്തുകയും ചെയ്ത സംഭവം വളരെ നിർഭാഗ്യകരമാണ്. ഇത്തരം സംഭവങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടാകാൻ പാടില്ല. ആൾഡൻ ആന്റണി ഒരു കുറ്റവാളിയല്ല, സംഘർഷവേളയിൽ

മധ്യസ്ഥം വഹിക്കാൻ ചെന്ന ആളാണ്. മധ്യസ്ഥം വഹിക്കാൻ ചെന്ന ആളിനുപോലും മർദ്ദനമേൽക്കുകയും അദ്ദേഹം കൊലചെയ്യപ്പെടുകയും ചെയ്ത സംഭവം യഥാർത്ഥത്തിൽ ഇവിടെ ചർച്ച ചെയ്യപ്പെടേണ്ടതാണ്. അത് ചർച്ച ചെയ്യാൻ ബഹുമാന്യനായ ആഭ്യന്തരവകുപ്പുമന്ത്രി തയ്യാറാകേണ്ടതായിരുന്നു. തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. എ.എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. തോമസ് ചാണ്ടി: സർ, കേരളത്തിന്റെ തീരദേശ മേഖല പ്രത്യേകിച്ച് തിരുവനന്തപുരത്തിന്റെ തീരദേശ മേഖല പലപ്പോഴും ഇതുപോലുള്ള ഗ്രൂപ്പ് സംഘട്ടനങ്ങൾ ഉണ്ടാകാറുള്ള സ്ഥലമാണ്. 500 പേർ ചേർന്ന് സംഘർഷം നടത്തുന്ന സ്ഥലത്ത് 4 പോലീസുകൾ ഒരു ഓട്ടോയിൽ ചെന്നിറങ്ങുന്ന അവസ്ഥയ്ക്ക് അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കുന്ന സമയത്തെങ്കിലും മാറ്റം വരുത്തി ഇനി വരുംനാളുകളിലെങ്കിലും ഇങ്ങനെയൊരു സംഭവമുണ്ടാകാതിരിക്കാൻ തീരദേശ മേഖലയിലെ പോലീസ് സ്റ്റേഷനുകളിൽ കൂടുതൽ പോലീസുകാരെ നിയമിക്കുകയും ജീപ്പുകൾ നൽകുകയും ചെയ്യണം. ഈ അനുഭവത്തിൽനിന്ന് പാഠം പഠിച്ചുകൊണ്ടെങ്കിലും അങ്ങ് ഇത്തരം കാര്യങ്ങൾ ചെയ്യുമെന്ന് വിശ്വസിക്കുന്നു. പോലീസുകാരുടെ മുമ്പിൽവച്ച് കൊലചെയ്യപ്പെട്ടു എന്ന് പ്രതിപക്ഷം പറഞ്ഞതുകൊണ്ട് അത് കുറ്റം ആകുകയില്ല. അതുണ്ടാകാത്ത രീതിയിൽ അങ്ങ് നടപടിയെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പ്രതിപക്ഷത്തിന്റെ വികാരപ്രകടനത്തോട് യോജിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. തോമസ് ചാണ്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി)

(ശ്രദ്ധ ക്ഷണിക്കൽ)